"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - തിരുവനന്തപുരം കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട ജി.രാധാമണിയുടെ മകൻ ശ്രീ രജി.ആർ. - സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.398/2023/LSGD തീയതി,തിരുവനന്തപുരം, 15-02-2023

---

പരാമർശം:-

1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കുന്നതിനുള്ള ശ്രീ.രജി ആർ -ന്റെ 20.10.2022 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 27.11.2022 തീയതിയിലെ DUA- 8834/2022-ഇ4 നമ്പർ കത്ത്.
4. 18.05.2004 തീയതിയിലെ 6678/ ഉപ.സി.02/2004/ഉഭപവ നമ്പർ സർക്കുലർ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 09.09.2018 തീയതിയിൽ മരണപ്പെട്ട ജി.രാധാമണിയുടെ, മകൻ ശ്രീ. രജി ആർ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത് 21.01.2022 നാണ്. പരാമർശം(1)ലെ ഉത്തരവനുസരിച്ച് ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി മരണ തീയതി മുതൽ 2 വർഷക്കാലയളവാണ്. എന്നാൽ കൊറോണ രോഗ

കാലമായതിനാലും ടിയാന്റെ അറിവില്ലായ്മ കൊണ്ടുമാണ് അപേക്ഷ യഥാസമയം സമർപ്പിക്കാൻ കഴിയാത്തതെന്നും ആയതു മാപ്പാക്കി നിയമനം നല്കണമെന്നാവശ്യപ്പെട്ട് ശ്രീ. രജി ആർ. പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നാലാം ക്ലാസ് മാത്രം വിദ്യാഭ്യാസമുള്ളതിനാൽ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞത കാരണവും കോവിഡ് മൂലമുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതിനാലുമാണ് ടിയാന് അപേക്ഷ യഥാസമയം സമർപ്പിക്കാൻ കഴിയാത്തതെന്നുള്ള വസ്തുത പരിഗണിച്ച്, നിശ്ചിത കാലപരിധിക്കുള്ളിൽ നേടിയിട്ടുണ്ടായിരുന്ന യോഗ്യത അനുസരിച്ചുള്ള ജോലിയ്ക്കു മാത്രമേ പരിഗണിക്കാനാവൂ എന്ന നിബന്ധനയിൽ, സമാശ്വാസ തൊഴിൽദാനപദ്ധതി സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി, പരാമർശം (4) ലെ സർക്കുലർ പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ മരണമടഞ്ഞ ജി.രാധാമണിയുടെ മകൻ ശ്രീ.രജി ആർ ന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്,തിരുവനന്തപുരം .

സെക്രട്ടറി,തിരുവനന്തപുരം കോർപ്പറേഷൻ.

ശ്രീ രജി ആർ, രാജി ഭവൻ,കരിഞ്ചാലത്തോട്ടം, പുന്നക്കുളം, കോട്ടുകാൽ പി.ഒ. തിരുവനന്തപുരം

ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 15-02-2023 10:41:50